"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ഗിരികുമാർ, ബാലുഭവൻ, ആങ്കോട്, പെരുങ്കടവിള.പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.686/2025/ID തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 03.07.2023 തീയതിയിലെ DOTHI-DMG/2975/2022-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ഗിരികുമാർ, ബാലുഭവൻ, ആങ്കോട്, പെരുങ്കടവിള.പി.ഒ, തിരുവനന്തപുരം 05.10.2023 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 23.09.2024 - തീയതിയിലെ ഡിഎംജി/2593/2024-എം1 നമ്പർ കത്ത്
4. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 28.03.2025 തീയതിയിലെ DOTHI-DMG/1197/2025-E നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നം.25 ൽ റീസർവ്വേ നം.379/3 ൽപ്പെട്ടുന്നതും ശ്രീ.ഗിരികുമാർ, ബാലുഭവൻ, ആങ്കോട്, പെരുങ്കടവിള.പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ ഭൂമിയിൽ നിന്നും പഞ്ചായത്ത് ശുപാർശ ചെയ്ത 935 മെ.ടൺ മണ്ണും, 1385 മെ.ടൺ കരിങ്കല്ലും റോയൽറ്റി ഈടാക്കി ആദ്യഘട്ടമായി 1385 മെ.ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകുകയും തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്തു നിന്നും ആകെ 2168 ക്യൂ.മീറ്റർ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് റോയൽറ്റി ഒടുക്കിയ 468 ക്യൂബിക് മീറ്ററും, സ്ഥലത്തു കൂട്ടിയിട്ടിട്ടുള്ള 173.46 ക്യൂബിക് മീറ്ററും കുറവ് ചെയ്ത് ബാക്കി 1527 ക്യൂ.മീറ്റർ സാധാരണ മണ്ണ് അനധികൃതമായി കടത്തിയതായും, 117 ക്യൂബിക് മീറ്റർ കരിങ്കല്ല് അനുമതിയില്ലാതെ ഖനനം ചെയ്ത് ശേഖരിച്ചിരിക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് സാധാരണ മണ്ണിന് പെനാൽറ്റി ഇനത്തിൽ 3,05,400/- രൂപയും, (117 ക്യൂ.മീറ്റർ) 292.5 മെ.ടൺ കരിങ്കല്ലിന് 21,060/- രൂപയും ചേർത്ത് ആകെ 3,26,460/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 03.07.2023 ൽ നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.ഗിരികുമാർ പരാമർശം (2) പ്രകാരമുള്ള അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 29.10.2024 ന് അപ്പീൽ അധികാരിയായ വ്യവസായ

വകുപ്പ് അഡീഷണൽ സെക്രട്ടറി നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് 25ൽ റീ സർവ്വേ 379/3ൽ പെട്ടതും അപ്പിൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽനിന്നും പെരുങ്കടവിള ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടനിർമ്മാണ അനുമതിയുടെ അടിസ്ഥാനത്തിൽ ഭൂമി നിരപ്പാക്കുന്നതിന് 1385 മെട്രിക് ടൺ കരിങ്കല്ല് നീക്കംചെയ്യുന്നതിന് 17.11.22-ൽ അപ്പിൽ കക്ഷിക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നു. കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ആകെ 468 ക്യൂബിക് മീറ്റർ മണ്ണും (936 മെട്രിക് ടൺ), 554 ക്യൂബിക് മീറ്റർ കരിങ്കല്ലും (1385 മെട്രിക് ടൺ) നീക്കുന്നതിനാണ് പഞ്ചായത്ത് ശുപാർശ ചെയ്തിരുന്നത്. കൂടാതെ സ്ഥലത്ത് 117 ക്യൂബിക് മീറ്റർ കരിങ്കല്ല് സ്റ്റോക്ക് ചെയ്തിരുന്നതായും സ്കെച്ചിൽ രേഖപ്പെടുത്തിയിരുന്നു. ഖനനം ചെയ്യാനുള്ള 468 ക്യൂബിക് മീറ്റർ മണ്ണിന്റെയും 554 ക്യൂബിക് മീറ്റർ കരിങ്കല്ലിന്റെയും റോയൽറ്റി മുൻകൂറായി ഈടാക്കിയാണ് ആദ്യഘട്ടമെന്ന നിലയിൽ 554 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് 17.11.22-ൽ അനുമതി നൽകിയിരുന്നത്. 24.11.22 വരെയായിരുന്നു ടി അനുമതി ഉത്തരവിന്റെ കാലാവധി, കാലാവധി അവസാനിച്ച മുറയ്ക്ക് 25.11.22-ൽ അപ്പീൽ കക്ഷി സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകിയ അളവിൽ കരിങ്കല്ല് നീക്കംചെയ്യുവാൻ സാധിച്ചില്ല എന്നും ആകയാൽ അനുമതി പുതുക്കി നൽകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.12.22 ലെ കത്തിൽ ആകെ അനുമതി നൽകിയ 1385 മെട്രിക് ടണ്ണിൽ 350 മെട്രിക് ടൺ കരിങ്കല്ല് മാത്രമേ നീക്കം ചെയ്തിട്ടുള്ളൂ എന്നും 1035 മെട്രിക് ടൺ ശേഷിക്കുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1000 മെട്രിക് ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് 20.01.23-ൽ 31.01.23 വരെ കാലാവധിയിൽ അനുമതി പുതുക്കി നൽകുകയുണ്ടായി.

01.2.23-ൽ അപ്പീൽ കക്ഷി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 04.2.23 മുതൽ 10.2.23 വരെ കാലാവധിയിൽ മുൻ അനുമതി പുതുക്കി നൽകുകയും ചെയ്തിരുന്നു. അനുമതി ഉത്തരവിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ 24.2.23 ന് അസിസ്റ്റന്റ് ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ 27മീx25മീx2.5മി, 13മീx6മീx2മീ വ്യാപ്തിയിൽ രണ്ടു കൂനകളിലായി ആകെ 1843 ക്യൂബിക് മീറ്റർ സാധാരണമണ്ണും ഉരുളൻപാറയും സ്ഥലത്ത് ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ആകെ ഡവലപ്മെൻ്റ് പ്ലാൻ പ്രകാരം 468 ക്യൂബിക് മീറ്റർ മാത്രം മണ്ണ് നീക്കം ചെയ്യുവാൻ അനുമതി ഉണ്ടായിരുന്ന സ്ഥലത്ത് ഈ അളവിനു ഉപരിയായി (1843 - 468) 1375 ക്യൂബിക് മീറ്റർ മണ്ണും കരിങ്കല്ലും ശേഖരിച്ചത് വ്യവസ്ഥാലംഘനമായി കാണുകയും ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 03.3.2023-ൽ അപ്പീൽ കക്ഷിക്ക് ജില്ലാ ഓഫീസിൽ നിന്നും കാരണംകാണിക്കൽ നോട്ടീസ് തുടർന്ന് നൽകുകയുമുണ്ടായി.

നോട്ടീസിന് 09.03.23-ന് ശ്രീ.ഗിരികുമാർ നൽകിയ മറുപടിയിൽ ആഫീസിൽ നിന്നും അനുവദിച്ച പാസ് പ്രകാരം കരിങ്കല്ല് മാത്രമേ മാറ്റിയിട്ടുള്ളൂ എന്നും മണ്ണ് നാളിതുവരെ മാറ്റിയിട്ടില്ല എന്നും കൃത്യമായ അളവുകൾ എടുത്ത് മണ്ണ് നീക്കുന്നതിന് പാസ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നതിനെ തുടർന്ന് വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന സർവ്വെയർ 13.4.23-ന്

സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി 24.4.23 ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ ആകെ 2167 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്തതായും സ്ഥലത്ത് 173.464 ക്യൂബിക് മീറ്റർ മണ്ണ് ശേഖരിച്ചിട്ടുള്ളതായും വ്യക്തമാക്കിയിരുന്നു.

മണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഒടുക്കിയ 468 ക്യൂബിക് മീറ്ററും സ്ഥലത്തു ശേഖരിച്ച 173.464 ക്യൂബിക് മീറ്ററും ആകെ സർവ്വെയർ കണ്ടെത്തിയ അളവായ 2167 ക്യൂബിക് മീറ്ററിൽ നിന്നും കുറവുചെയ്ത് ബാക്കി 1527 ക്യൂബിക് മീറ്റർ മണ്ണാണ് അനധികൃതമായി നീക്കം ചെയ്തതായി കണ്ടെത്തിയതെന്നും ഈ അളവു കൂടാതെ സ്ഥലത്ത് ഡവലപ്മെന്റ് പ്ലാൻ പ്രകാരം ശേഖരിച്ചിരുന്ന 117 ക്യൂബിക് മീറ്റർ കരിങ്കല്ല് റോയൽറ്റി ഒടുക്കാതെ നീക്കംചെയ്തതായും ജിയോളജി ഓഫീസിൽ നിന്നും കണ്ടെത്തിയിരുന്നതിന്റെ അടിസ്ഥാനത്തിലാണ് 1527 ക്യൂബിക് മീറ്റർ (3054 മെട്രിക് ടൺ) മണ്ണിനും 117 ക്യൂബിക് മീറ്റർ (292.5 മെട്രിക് ടൺ) കരിങ്കല്ലിനും റോയൽറ്റി, വില. പിഴ ഇനത്തിൽ 3,26,460/- രൂപ ഒടുക്കുന്നതിന് 23.06.23-ൽ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. അനധികൃത ഖനനം നടന്നത് ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് ആകയാൽ പഴയ നിരക്കിലുള്ള പെനാൽറ്റിയാണ് കണക്കാക്കിയിട്ടുള്ളത്. ചട്ടം 14(5) പ്രകാരം ബിൽഡിങ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണ് നീക്കുന്നതിന് അനുമതി നൽകിയ അളവിന് ഉപരിയായി നടത്തുന്ന ഖനനത്തിന് റോയൽറ്റിയുടെ അഞ്ചിരട്ടി പെനാൽറ്റിയായി (20x5) ഒടുക്കേണ്ടതുണ്ട് എന്ന വ്യവസ്ഥ പ്രകാരമാണ് ഡിമാന്റ് നോട്ടീസ് നൽകിയത്. ഡിമാന്റ് തുക ഒടുക്കാത്ത സാഹചര്യത്തിൽ 26.3.24-ന് റവന്യൂ റിക്കവറി നടപടിക്കായി ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

4. തന്റെ വസ്തുവിൽ നിന്നും ഒരു തരി മണ്ണ് പോലും നീക്കം ചെയ്തിട്ടില്ലെന്ന് ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി വാദിച്ച സാഹചര്യത്തിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രസ്തുത സ്ഥലത്ത് അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജിയോളജിസ്റ്റിനോട് ആവശ്യപ്പെട്ടതനുസരിച്ച് ജിയോളജിസ്റ്റ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

സർക്കാർ നിർദേശ പ്രകാരം നടത്തിയ സ്ഥല പരിശോധനയിൽ RQP ശ്രീ.മാമല്ലൻ, സ്ഥല ഉടമയായ ശ്രീ.ഗിരികുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ടി സ്ഥലത്ത് നിന്നും അനുമതിയ്ക്ക് വിരുദ്ധമായി നീക്കം ചെയ്ത ധാതുവിന്റെ അളവ് അളന്നു തിട്ടപ്പെടുതിയിട്ടുള്ളതാണ്. ടി സ്ഥലത്ത് നിന്നും കല്ല് പൂർണ്ണമായും നീക്കം ചെയ്തിട്ടുള്ളതായും കാണുന്നു. പരിശോധനയിൽ ടി സ്ഥലത്ത് കാണപെട്ട കട്ടിംഗിന്റെ അളവ് RQP അളന്നു തിട്ടപെടുത്തിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് എന്നിവ വിശകലനം ചെയ്തതിൽ ടി സ്ഥലത്തു നിന്നും 1401.4 ക്യബിക് മീറ്റർ മണ്ണ് ഖനനം ചെയ്തതിൽ നിന്നും ടി സ്ഥലത്തു കൂട്ടിയിട്ടിരിക്കുന്ന 403.6 ക്യൂബിക് മീറ്റർ മണ്ണും, അനുമതി കരസ്ഥമാക്കിയ 468 ക്യൂബിക് മീറ്റർ മണ്ണും, കുറവ് ചെയ്തതിൽ (1401.4-(403.6+468) )=529.8 ക്യൂബിക് മീറ്റർ മണ്ണ് അനധികൃതമായി കടത്തിയതും കൂടാതെ 117 ക്യൂബിക് മീറ്റർ കരിങ്കല്ലും അനധികൃതമായി നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനധികൃതമായി നീക്കം ചെയ്ത 530 ക്യൂബിക് മീറ്റർ (1060 മെട്രിക് ടൺ) മണ്ണിനു (1060x20x5) 1,06,000/- രൂപയും അനധികൃതമായി നീക്കം ചെയ്ത 117 ക്യബിക് മീറ്റർ (293മെട്രിക് ടൺ) കരിങ്കല്ലിന് (293MTx24X3) 21,096/-രൂപയും കൂട്ടിച്ചേർത്തു ആകെ 1,27,096/-രൂപയും കൂടാതെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്തു ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 2015 ലെ KMMCR

ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം ഒടുക്കിയ റോയൽറ്റിയുടെ 5 മടങ്ങ് ഒടുക്കുവാനും ടിയാൻ ബാധ്യസ്ഥനാണ്.

5. അപ്പീൽ അധികാരി ഈ വിഷയം ഹർജിക്കാരന്റെ വാദങ്ങളുടെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പെർമിറ്റ് നൽകിയ അളവിൽ കൂടുതൽ ധാതു നീക്കം ചെയ്തതിന് പെനാൽറ്റി നിശ്ചയിച്ചു നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. അതിനാൽ പുനഃപരിശോധന പ്രകാരം അനുമതിയ്ക്ക് വിരുദ്ധമായി നീക്കം ചെയ്ത ധാതുവിന്റെ അളവ് അളന്നു തിട്ടപ്പെടുത്തിയതനുസരിച്ച് ചട്ടം പ്രകാരമുള്ള പെനാൽറ്റി നിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി തുക അപ്പീൽ കക്ഷിയിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ഗിരികുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ഗിരികുമാർ, ബാലുഭവൻ, ആങ്കോട്, പെരുങ്കടവിള.പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 11-06-2025 11:30:41
സെക്ഷൻ ഓഫീസർ